ഹൗസ് ബോട്ടുകൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുവാൻ നടപടി

45 [3389] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഹൗസ് ബോട്ടുകൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹൗസ്ബോട്ടുകൾ കൂടുതലായി നിർമ്മിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ബൃഹത് പരിപാടികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സ്വകാര്യ മേഖലയിൽ ഹൗസ്ബോട്ടുകളുടെ നിർമ്മാണവും പ്രവർത്തനവും ഇപ്പോൾതന്നെ നടക്കുന്നുണ്ട്. സർക്കാർ ഈ മേഖലയിൽ മുതൽമുടക്ക് നടത്തുന്ന കാര്യം പരിഗണനയിലില്ല.

സ്റ്റാർ ഹോട്ടൽ നിർമ്മാണ പദ്ധതി

46 [3390] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർ ഹോട്ടൽ നിർമ്മാണ പദ്ധതികൾക്ക് ടൂറിസം വകുപ്പ് എന്തെല്ലാം നിലവിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇൻവെസ്റ്റ്മെന്റ് സബ്സിഡി പരമാവധി എത്ര ലക്ഷം രൂപയാണ്;

(ബി) കേന്ദ്ര ഗവൺമെന്റ് നൽകിവരുന്ന ആനുകൂല്യങ്ങൾ ഏതെല്ലാം ഗ്രേഡിലുള്ള ഹോട്ടൽ പദ്ധതികൾക്കാണ് നൽകി വരുന്നത്;

(സി) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ ഏത് ഏജൻസി വഴിയാണ് നിക്ഷേപകന് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോട്ടൽ പദ്ധതികൾക്ക് സബ്സിഡികൾക്കു പുറമേ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഇതു സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്റ്റാർ ഹോട്ടലുകൾക്ക് മുതൽ മുടക്കിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം) ഇൻവെസ്റ്റിമെന്റ് സബ്സിഡിയും ഇലക്ട്രിസിറ്റി താരിഫ് സബ്സിഡിയും ഇക്കോ ഇനിഷ്യേറ്റീവ് സംരംഭത്തിന് 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) സബ്സിഡിയും (പത്തു ലക്ഷത്തിന് പുറമേ) നൽകി വരുന്നു. ആയതിനാൽ ഇൻവെസ്റ്റിമെന്റ് സബ്സിഡി തുക പരമാവധി 15 ലക്ഷമാണ്.

(ബി) സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും, ഹെറിറ്റേജ് അംഗീകാരമുള്ള ഹോട്ടലുകൾക്കുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ നൽകുന്നത്.

(സി) കേന്ദ്രഗവൺമെന്റ് നേരിട്ടാണ് നൽകിവരുന്നത്.

(ഡി) സബ്സിഡികൾക്ക് പുറമേ വൈദ്യുത താരിഫിൽ ഇളവ്, 50 കോടിയ്ക്കു മുകളിൽ മുതൽ മുടക്കുന്നവർക്ക് പ്രത്യേക ഇൻസന്റീവുകൾ എന്നിവയും നൽകുന്നുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്. †

വേമ്പനാട്ടുകായലിലെ മലിനീകരണം തടയാൻ നടപടി

47 [3391] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടുകളിൽ നിന്നും പുറത്തേക്ക് വിടുന്ന വിസർജ്യ വസ്തുക്കൾമൂലം വേമ്പനാട്ട് കായലിൽ മലിനീകരണം രൂക്ഷമാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മലിനീകരണം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ക്രമാതീതമായി ഹൗസ് ബോട്ടുകളുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly